## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ , കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റ് , തിരുവനന്തപുരം

**ഹാജർ :- ഡോ.കെ. വാസുകി, ഐ .എ.എസ്**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനകാര്യം - 2020 പൊതുസ്ഥലമാറ്റത്തിൽ SPARK - ൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി അനർഹമായി സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെട്ട കൃഷി അസിസ്റ്റന്റ് / അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ ജീവനക്കാരെ സ്ഥലമാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം :- 1. ഈ ഓഫീസിലെ 27.8.20- ലെ ഇതേ നമ്പർ ഉത്തരവ്

2. ഈ ഓഫീസിലെ 24.8.20- ൽ നൽകിയ കാരണം കാണിക്കൽ നോട്ടീസ്

3. 27.8.20 /28.8.20 / 26.8.20 എന്നി തീയതികളിൽ ശ്രീ. ബിജി എബ്രഹാം / ശ്രീ. പോൾ .പി. ജോസഫ് / ശ്രീ. പ്രിജിൽ .കെ.എഫ് / ശ്രീമതി എൽ. ശ്രീലേഖ / ശ്രീമതി. സുജ.ആർ എന്നി കൃഷി അസ്സിസ്റ്റന്റുമാർ നൽകിയ മറുപടികൾ

**ഉത്തരവ് നമ്പർ എസ്. ഇ (3) 6953/20 തീയതി 19.10.20.**

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ട സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളിൽ നിശ്ചയിക്കപ്പെട്ട പൊതു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ 2020 - പൊതുസ്ഥലമാറ്റം SE(3) 6953/20 തീയതി 27.8.2020 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി . 2020 - പൊതുസ്ഥലമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷയിൽ ചില ജീവനക്കാർ തെറ്റായ വിവരങ്ങൾ ചേർക്കുകയും തദനുസൃതമായി അനർഹമായ സ്ഥലമാറ്റം ലഭിച്ചതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.,

1. **ശ്രീ. ബിജി എബ്രഹാം, കൃഷി അസിസ്റ്റന്റ്**

5 വർഷത്തിലധികമായി കൊല്ലം ജില്ലയില എടമുളയ്ക്കൽ കൃഷി ഭവനിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ബിജി എബ്രഹാം "Inter Caste Marriage " എന്ന് അർഹതയില്ലാതെ അപേക്ഷയിൽ രേഖപെടുത്തിയതിനെ തുടർന്ന് മുൻഗണന ആനുകൂല്യം ലഭിക്കുകയും ഒന്നാമത്തെ ഓപ്ഷനായ കൊല്ലം ജില്ലയിലെ മേലില കൃഷി ഭവനിൽ നിയമനം ലഭിക്കുകയും ചെയ്തു.

**2. ശ്രീ.പ്രിജിൽ .കെ.എഫ് , കൃഷി അസിസ്റ്റന്റ്**

3 വർഷത്തിലധികമായി എറണാകുളം ജില്ലയിലെ അരക്കുഴ കൃഷി ഭവനിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. പ്രിജിൽ കെ. എഫ് "Ex-Service" എന്ന് അർഹതയില്ലാതെ അപേക്ഷയിൽ രേഖപെടുത്തിയതിനെ തുടർന്ന് മുൻഗണന ആനുകൂല്യം ലഭിക്കുകയും ഒന്നാം ഓപ്ഷനായ എറണാകുളം ജില്ലയിലെ പാലക്കുഴ കൃഷി ഭവനിൽ നിയമനം ലഭിക്കുകയും ചെയ്തു .

**3. ശ്രീമതി.എൽ.ശ്രീലേഖ, കൃഷി അസിസ്റ്റന്റ്,**

4 വർഷത്തിലധികമായി പത്തനംതിട്ട ജില്ലയിലെ തുമ്പമൺ കൃഷി ഭവനിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ശ്രീലേഖ "Inter Caste Marriage "എന്ന് അർഹതയില്ലാതെ അപേക്ഷയിൽ രേഖപെടുത്തിയതിനെ തുടർന്ന് മുൻഗണന ആനുകൂല്യം ലഭിക്കുകയും ഒന്നാമത്തെ ഓപ്ഷനായ കൊല്ലം ജില്ലയിലെ ഇളമാട് കൃഷി ഭവനിൽ നിയമനം ലഭിക്കുകയും ചെയ്തു.

**4. ശ്രീമതി.സുജ, അസിസ്റ്റന്റ് കൃഷി ഓഫീസർ**

4 വർഷത്തിലധികമായി കൊല്ലം ജില്ലയില അഞ്ചൽ കൃഷി ഭവനിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സുജ, അസിസ്റ്റന്റ് കൃഷി ഓഫീസർ "Inter Caste Marriage " എന്ന് അർഹതയില്ലാതെ അപേക്ഷയിൽ രേഖപെടുത്തിയതിനെ തുടർന്ന് മുൻഗണന ആനുകൂല്യം ലഭിക്കുകയും കൊല്ലം ജില്ലയിലെ ചടയമംഗലം കൃഷി ഭവനിൽ നിയമനം ലഭിക്കുകയും ചെയ്തു.

**5. ശ്രീ. ഷിനോദ് , കൃഷി അസിസ്റ്റന്റ്**

3 വർഷത്തിലധികമായി പാലക്കാട് ജില്ലയിലെ ഏഴുവന്തുരുത്തി കൃഷി ഭവനിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷിനോദ് , കൃഷി അസിസ്റ്റന്റ് "Inter Caste Marriage " എന്ന് അർഹതയില്ലാതെ അപേക്ഷയിൽ രേഖപെടുത്തിയതിനെ തുടർന്ന് മുൻഗണന ആനുകൂല്യം ലഭിക്കുകയും മലപ്പുറം ജില്ലയിലെ ആനക്കര കൃഷി ഭവനിൽ നിയമനം ലഭിക്കുകയും ചെയ്തു.

**6. ശ്രീമതി.ഷീന , കൃഷി അസിസ്റ്റന്റ്**

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി കൃഷി ഭവനിൽ 3 വർഷം സേവനം പൂർത്തിയാക്കിയ ശ്രീമതി.ഷീന , കൃഷി അസിസ്റ്റന്റ് "Inter Caste Marriage "എന്ന്

അർഹതയില്ലാതെ അപേക്ഷയിൽ രേഖപെടുത്തിയതിനെ തുടർന്ന് മുൻഗണന ആനുകൂല്യം ലഭിക്കുകയും കൊല്ലം ജില്ലയിലെ മൈലം കൃഷി ഭവനിൽ നിയമനം ലഭിക്കുകയും ചെയ്തു.

7. **ശ്രീ.പോൾ.പി. ജോസഫ് , കൃഷി അസിസ്റ്റന്റ്**

ശ്രീ. പോൾ പി. ജോസഫ് 8.3.2008 മുതൽ 2.11.18 വരെ LWA - യിൽ ആയിരുന്നു. എന്നാൽ ടിയാൻ പത്തനംതിട്ട ജില്ലയിലെ അയിരൂർ കൃഷി ഭവനിൽ 3 വർഷം സേവനം പൂർത്തിയായിട്ടില്ല. ടിയാന്റെ LWA കാലാവധി SPARK - ൽ രേഖപെടുത്താത്തതിനാൽ ടിയാൻ LWA- യിൽ പ്രവേശിച്ച തീയതി മുതൽ സ്റ്റേഷൻ സീനിയോറിറ്റി കണക്കാക്കി സ്ഥലമാറ്റം ലഭിക്കുകയും ചെയ്തു . ഈ സാഹചര്യത്തിൽ ശ്രീ. പോൾ.പി.ജോസഫിന്റെ തുമ്പമൺ കൃഷി ഭവനിൽ ലഭിച്ച സ്ഥലമാറ്റം റദ്ചെയ്തുകൊണ്ടും പത്തനംതിട്ട അയിരൂർ കൃഷി ഭവനിൽ നിലനിർത്തിയും ഉത്തരവാകുന്നു.

1 മുതൽ 6 വരെയുള്ള ഉദ്യോഗസ്ഥരുടെ നടപടിമൂലം ഓൺലൈൻ സ്ഥലംമാറ്റ പ്രക്രിയക്കെതിരെ പരാതി കടന്നുവരാൻ കാരണമായി . മാത്രമല്ല അർഹരായ ജീവനക്കാർക്ക് അർഹതപ്പെട്ട സ്ഥലമാറ്റം ലഭിക്കുവാൻ തടസ്സം നേരിട്ടു. ഇത് വകുപ്പിന്റെ സൽപ്പേരിനെ കളങ്കപ്പെടുത്തുന്നതിനും വകുപ്പിലെ ജീവനക്കാരുടെയിടയിൽ അവമതിപ്പുണ്ടാക്കുന്നതുമാണെന്നു കാണുന്നു. സത്യസന്ധതയും ധാർമിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കാൻ ബാധ്യസ്ഥരായ സർക്കാർ ജീവനക്കാരുടെ ഭാഗത്തു നിന്നുമുള്ള ഇത്തരം ദുഷ് പ്രവർത്തികൾ സുതാര്യമായി നടക്കുന്ന ഓൺലൈൻ സ്ഥലംമാറ്റ നടപടിയെ ക്കുറിച്ച് സംശയത്തിന് ഇടവരുത്തുകയും ചെയുന്ന ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവുമാണ് .

ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച ജീവനക്കാർക്ക്അനർഹമായി അവർക്ക് ലഭിച്ച സ്ഥലമാറ്റം റദ്ദാക്കി ചുവടെ ചേർത്തിരിക്കും പ്രകാരം സ്ഥലമാറ്റം നൽകിയുംഉത്തരവ് പുറപ്പെടുവിക്കുന്നു.

| പേര് | പൊതുസ്ഥലമാറ്റത്തിൽ നിയമനം ലഭിച്ച ഓഫീസ് | പുതുതായി നിയമനം നൽകുന്ന ഓഫീസ് |
|---|---|---|
| ശ്രീ. ബിജി എബ്രഹാം, കൃഷി അസിസ്റ്റന്റ് | കൃഷി ഭവൻ, മേലില, കൊല്ലം | കൃഷി ഭവൻ, വള്ളത്തോൾ നഗർ, തൃശൂർ |
| ശ്രീ.പ്രിജിൽ .കെ.എഫ് , കൃഷി | കൃഷി ഭവൻ,പാലക്കുഴ, | കൃഷി ഭവൻ, ഒതുക്കുങ്ങൽ, മലപ്പുറം |

| | | |
|---|---|---|
| അസിസ്റ്റന്റ് | എറണാകുളം | |
| ശ്രീമതി.എൽ.ശ്രീലേഖ, കൃഷി അസിസ്റ്റന്റ് | കൃഷി ഭവൻ, ഇളമാട് , കൊല്ലം | കൃഷി ഭവൻ,ചേലക്കര, തൃശ്ശൂർ |
| ശ്രീമതി.സുജ, അസിസ്റ്റന്റ് കൃഷി ഓഫീസർ | കൃഷി ഭവൻ, ചടയമംഗലം, കൊല്ലം | കൃഷി ഭവൻ,ഏങ്ങണ്ടിയൂർ, തൃശ്ശൂർ |
| ശ്രീ. ഷിനോദ് , കൃഷി അസിസ്റ്റന്റ് | കൃഷി ഭവൻ, ആനക്കര മലപ്പുറം | കൃഷി ഭവൻ, പായം, കണ്ണൂർ |
| ശ്രീമതി.ഷീന, കൃഷി അസിസ്റ്റന്റ് | കൃഷി ഭവൻ, മൈലം കൊല്ലം | കൃഷി ഭവൻ, അരിമ്പൂർ, തൃശ്ശൂർ |
| പോൾ പി. ജോസഫ് കൃഷി അസിസ്റ്റന്റ്, | കൃഷി ഭവൻ, തുമ്പമൺ, പത്തനംതിട്ട | കൃഷി ഭവൻ, അയിരൂർ , പത്തനംതിട്ട (നിലനിർത്തിയിരിക്കുന്നു) |

മേൽ ഉദ്യോഗസ്ഥരെ ഈ ഉത്തരവ് ലഭിക്കുന്ന തീയതിയിൽ തന്നെ നിയന്ത്രണ ഉദ്യോഗസ്ഥർമാർ റിലീവ് ചെയ്യേണ്ടതാണ്. ഈ ഉദ്യോഗസ്ഥരെ സ്ഥലംമാറ്റുന്ന ഒഴിവിലേക്ക് പകരം നിയമനം SE(3) 6953/20 dated 19.10.2020 ഉത്തരവ് പ്രകാരം നടത്തിയിട്ടുണ്ട്.

Sd/-

**കാർഷിക വികസന കർഷക ക്ഷേമ**

**വകുപ്പ് ഡയറക്ടർ**

Junior Superintendent
SE Section
Directorate of Agriculture
Thiruvananthapuram-33

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :- പ്രിൻസിപ്പൽ കൃഷി ഓഫീസർ , കൊല്ലം / തൃശ്ശൂർ / മലപ്പുറം/ കണ്ണൂർ / എറണാകുളം / പാലക്കാട്